LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റികളുടെ രൂപീകരണം

129 (3413) ശ്രീ. മോൻസ് ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര മുനിസിപ്പാലിറ്റികൾ ആണ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഏതൊക്കെ പഞ്ചായത്തുകളാണ് മുനിസിപ്പാലിറ്റികൾ ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് പരിഗണനയിൽ ഉള്ളത് ; ഏതൊക്കെ പഞ്ചായത്തുകൾ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്നു ;

(സി) ഈ വർഷം എത്ര 'കോർപ്പറേഷനുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

രാജീവ് ആവാസ് യോജന (ആർ.എ.വൈ.)

130(3414) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ആവാസ് യോജന (RAY) പദ്ധതി മുഖേന കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഇത് രൂപീകരിക്കുന്നതുമൂലം ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലും മറ്റും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം തുടർന്നും ലഭിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?